നം. എ.ഇ(4) 121/2014.

കൃഷി അസി.. എക്സിക്യൂട്ടീവ് എഞ്ചിനീയർ ഓഫീസ്
മലമ്പുഴ, പാലക്കാട്, തീയതി. 06-02-2014

# കേരള സർക്കാർ

## ലഘു ദർഘാസ് പരസ്യം

കേരള ഗവർണ്ണർക്കു വേണ്ടി മലമ്പുഴ കൃഷി അസിസ്റ്റൻറ് എക്സിക്യൂട്ടീവ് എഞ്ചിനീയർ താഴെ പറയുന്ന പ്രവൃത്തികൾക്ക് 28-02-2014.-ന് വൈകുന്നേരം 3 മണിവരെ അംഗീകൃത കരാറുകാരിൽ നിന്നും സീലു ചെയ്ത മത്സര സ്വഭാവമുള്ള ദർഘാസുകൾ ക്ഷണിച്ചു കൊള്ളുന്നു. അന്നേ ദിവസം വൈകുന്നേരം 3.30-ന് മലമ്പുഴ കൃഷി അസിസ്റ്റൻറ് എക്സിക്യൂട്ടീവ് എഞ്ചിനീയറോ അദ്ദേഹം അധികാരപ്പെടുത്തിയ ഉദ്യോഗസ്ഥനോ അപ്പോൾ ഹാജരുള്ള കരാറുകാരുടെ സാന്നിദ്ധ്യത്തിൽ ദർഘാസുകൾ തുറക്കുന്നതും ഏറ്റവും കുറഞ്ഞ നിരക്ക് രേഖപ്പെടുത്തിയ കരാറുകാരന് ദർഘാസ് വ്യവസ്ഥകൾക്കു വിധേയമായി ദർഘാസുകൾ സ്ഥിരപ്പെടുത്തുന്നതുമാണ്.

| ക്ര. നം | പ്രവൃത്തിയുടെ പേരും അടങ്കൽ തുകയും | നിരത ദ്രവ്യം | ദർഘാസ് വില | പണി തീർക്കേണ്ട കാലാവധി |
|---|---|---|---|---|
| 1 | മലമ്പുഴ ആർ.എ.ടി.ടി.സി യിലെ കോൺഫറൻസ് ഹാളിൽ എ.സി യൂണിറ്റ് സ്ഥാപിക്കൽ 2,00,000/-രൂപ | 5,000.00 | 400 + VAT | 30 ദിവസം |
| 2 | മലമ്പുഴ ആർ.എ.ടി.ടി.സി യിലെ ഹോസ്റ്റലിൻെറ താഴത്തെ നിലയിലെ ഡോർമട്രി ഇലക്ട്രിക്കൽ റീ വയറിംഗ് ചെയ്യുന്ന പ്രവൃത്തി 2,00,000/- രൂപ | 5,000.00 | 400 + VAT | 30 ദിവസം |
| 3 | മലമ്പുഴ ആർ.എ.ടി.ടി.സി യിലെ ഹോസ്റ്റലിൻെറ ഒന്നാം നിലയിലെ ഡോർമട്രി ഇലക്ട്രിക്കൽ റീ വയറിംഗ് ചെയ്യുന്ന പ്രവൃത്തി 2,00,000/- രൂപ | 5,000.00 | 400 + VAT | 30 ദിവസം |
| 4 | മലമ്പുഴ ആർ.എ.ടി.ടി.സി യിലെ ഓഫീസ് ബിൽഡിങ്ങ് ഇലക്ട്രിക്കൽ റീ വയറിംഗ് ചെയ്യുന്ന പ്രവൃത്തി 1,34,000/- രൂപ | 3,400.00 | 400 + VAT | 30 ദിവസം |
| 5 | മലമ്പുഴ ആർ.എ.ടി.ടി.സി യിലെ ക്വാർട്ടേഴ്സ് ഇലക്ട്രിക്കൽ റീ വയറിംഗ് ചെയ്യുന്ന പ്രവൃത്തി 81,000/- രൂപ | 2,100.00 | 400 + VAT | 30 ദിവസം |
| 6 | കുന്നനൂർ എസ്.എസ്. ഫാമിലെ കോൺഫറൻസ് ഹാൾ റീ വയറിങ്ങ് ചെയ്യുന്ന പ്രവൃത്തി 1,50,000/- രൂപ | 3,800.00 | 400 + VAT | 30 ദിവസം |

ദർഘാസ് ഫോറങ്ങളും മറ്റു വിശദ വിവരങ്ങളും മലമ്പുഴ കൃഷി അസിസ്റ്റൻറ് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ കാര്യാലയത്തിൽ നിന്നും 28-02-2014..-ന് ഉച്ചയ്ക്ക് 1 മണിവരെ ഓഫീസ് സമയങ്ങളിൽ എല്ലാ പ്രവൃത്തി ദിവസങ്ങളിലും പണം അടച്ച് രേഖാമൂലം ആവശ്യപ്പെട്ടാൽ ലഭിക്കുന്നതാണ്.

അംഗീകൃത കരാറുകാർ അവരുടെ രജിസ്ട്രേഷൻ കാർഡുകൾ കാണിച്ചാൽ മത്രമേ ദർഘാസുകൾ ലഭിക്കുകയുള്ളൂ കരാറുകാർ ദർഘാസ് ഫോറങ്ങൾ പരസ്പരം കൈമാറുവാൻ പാടുള്ളതല്ല, നിശ്ചിത സമയത്തിനു ശേഷം ലഭിക്കുന്നതോ ആവശ്യമായ നിരദ്രവ്യം കെട്ടിവെയ്ക്കാത്തതോ ആയ എല്ലാ ദർഘാസുകളും നിരസിക്കുന്നതായിരിക്കും. മറ്റു സർക്കാർ വകുപ്പുകളിലെ ദർഘാസുകളെ സംബന്ധിക്കുന്ന എല്ലാ വ്യവസ്ഥകളും ഇതിനും ബാധകമാണ്.

യാതൊരു കാരണവും കാണിക്കാതെ ഏതെങ്കിലും ഒന്നോ അല്ലെങ്കിൽ മുഴുവനായോ ദർഘാസുകൾ തിരസ്കരിക്കാനുള്ള അധികാരം കൃഷി അസിസ്റ്റൻറ് എക്സിക്യൂട്ടീവ് എഞ്ചിനീയറിൽ നിക്ഷിപ്തമാണ്. ഓരോ ദർഘാസിനോടൊപ്പം 100 രൂപയുടെ മുദ്രപത്രത്തിൽ പ്രാഥമിക ഉടമ്പടി സമർപ്പിക്കേണ്ടതാണ്.

MALAMPUZHA
OFFICE OF THE ASST. EXECUTIVE ENGINEER (AGRI)

കൃഷി അസി. എക്സിക്യൂട്ടീവ് എഞ്ചിനീയർ
മലമ്പുഴ

പകർപ്പ്: 1) കൃഷി എക്സിക്യൂട്ടീവ് എഞ്ചിനീയർ, കോഴിക്കോട് (ഉപരി പത്ര സഹിതം)
2) പ്രിൻസിപ്പൽ കൃഷി ഓഫീസർ, പാലക്കാട് (ഉപരിപത്ര സഹിതം)
3) നോട്ടീസ് ബോർഡ്.
4) കൃഷി ഡപ്യൂട്ടി ഡയറക്ടർ, ആർ.എ.ടി.ടി.സി, മലമ്പുഴ.